(സി) ഈ തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

66 (692) എൽ.എം.വി. ഡ്രൈവർ തസ്തികയിലെ നിയമനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ എൽ.എം.വി. തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ദിവസക്കൂലിക്കും താൽക്കാലികമായും എത്രപേർ ഇപ്പോൾ ഈ തസ്തികയിൽ ജോലി ചെയ്തുവരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ട് പി.എസ്.സി.യിൽ നിന്നും നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

67 (693) വികലാംഗരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1.1.1998 മുതൽ14.8.1998 വരെ സംസ്ഥാന സർവ്വീസിൽ താൽക്കാലികമായി പണിയെടുത്തിരുന്ന വികലാംഗരെ സർവ്വീസിൽ തുടരുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഉത്തരവ് നിലവിലുണ്ടെങ്കിൽ കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1998 ജൂലൈ 27 മുതൽ 1999 ജനുവരി 21 വരെ ജോലി ചെയ്തിരുന്ന വട്ടപ്പാറ, വേറ്റിനാട്, ചെമ്പൻകോട്ടുകോണം വീട്ടിൽ ശ്രീ. മുരളിയെ സർവ്വീസിൽ തുടരുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പരിശോധിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly